**KERALA STATE ELECTRICITY REGULATORY COMMISSION**

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

No.0476/അഡ്മിൻ/2020/കെ.എസ്.ഇ.ആർ.സി

തീയതി:18.03.2020

സ്വീകർത്താവ്

ഡയറക്ടർ,
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ്,
തിരുവനന്തപുരം

സർ,

വിഷയം: കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ- 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്കുള്ള ഇലക്ട്രിസിറ്റി താരിഫ് നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള പൊതു അറിയിപ്പ്.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാനത്ത് വൈദ്യുതി താരിഫ് നിശ്ചയിക്കുന്നത് സംബന്ധിച്ച് എല്ലാ പൊതുജനങ്ങളുടെയും മറ്റ് തൽപരകക്ഷിക്കളുടെയും അഭിപ്രായം തേടുന്നു. പൊതുജനങ്ങളുടെയും മറ്റ് തൽപരകക്ഷിക്കളുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചായിരിക്കും 2020 ഏപ്രിൽ 1 മുതൽ താരിഫ് നിരക്കുകൾ നിശ്ചയിക്കുന്നത്. അതിനാൽ പൊതുജനങ്ങളും എല്ലാ തൽപരകക്ഷിക്കളും ഇതു സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ 27.03.2020- നകം കിട്ടത്തക്ക രീതിയിൽ നൽകുവാൻ താല്പര്യപ്പെടുന്നു.

ഇതു സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പൊതു അറിയിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തുകൊള്ളുന്നു. കൂടുതൽ വിവരം കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.org ൽ ലഭ്യമാണ്. ഇതു സംബന്ധിച്ച വിവരം അച്ചടി-ദൃശ്യ മാദ്ധ്യമങ്ങൾ വഴി നൽകുന്നതിന് അവശ്യമായ നടപടി സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി-ഇൻ-ചാർജ്ജ്

**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010
Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

No.00476/DD(T)/2020/KSERC/ 17.03.2020

## 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്കുള്ള ഇലക്ട്രിസിറ്റി താരിഫ് നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള പൊതുഅറിയിപ്പ്.

1. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 2003 ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 62,64 പ്രകാരവും, കമ്മീഷൻ 2018ൽ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷൻ പ്രകാരവും, ബഹുമാനപ്പെട്ട അപ്പലെറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ ഉൾക്കൊണ്ടുകൊണ്ടും, കൂടാതെ പൊതുജനങ്ങളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചും കമ്മീഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്ക് പ്രതീക്ഷിക്കുന്ന ചിലവുകളും വരുമാനവും റവന്യൂ കമ്മിയും താഴെ പട്ടിക 1-ൽ പറയുന്ന പ്രകാരം 2019 ജൂലൈ 8ലെ, ഉത്തരവിലൂടെ അംഗീകരിക്കുകയുണ്ടായി.

| വർഷം | ചിലവ് | | വരുമാനം | | റവന്യൂ കമ്മി | |
|---|---|---|---|---|---|---|
| | കെ.എസ്.ഇ.ബി എൽ നിർദ്ദേശിച്ചത് | കമ്മീഷൻ അംഗീകരിച്ചത് | കെ.എസ്.ഇ.ബി എൽ നിർദ്ദേശിച്ചത് | കമ്മീഷൻ അംഗീകരിച്ചത് | കെ.എസ്.ഇ.ബി എൽ നിർദ്ദേശിച്ചത് | കമ്മീഷൻ അംഗീകരിച്ചത് |
| | (രൂപ കോടി) | (രൂപ കോടി) | (രൂപ കോടി) | (രൂപ കോടി) | (രൂപ കോടി) | (രൂപ കോടി) |
| 2018-19 | 13533.99 | 12465.83 | 12433.68 | 12433.68 | 1100.31 | 32.15 |
| 2019-20 | 14549.51 | 14010.23 | 13150.46 | 13209.68 | 1399.05 | 800.55 |
| 2020-21 | 15830.17 | 14786.39 | 13765.29 | 13841.64 | 2064.88 | 944.75 |
| 2021-22 | 16928.15 | 15487.94 | 14409.63 | 14489.41 | 2518.52 | 998.53 |

2. ഇതുകൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 2019-20 വർഷത്തിലേക്കുള്ള റവന്യൂ കമ്മി നികത്തുന്നതിന് സംസ്ഥാനത്തെ വൈദ്യുതി നിരക്കുകൾ 2019 ജൂലൈ 8 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി. ടി ഉത്തരവിലൂടെ 2019-20 ൽ, ഒരു വർഷത്തേക്ക് ഏകദേശം 902 കോടി രൂപയാണ് കെ.എസ്.ഇ.ബി ലിമിറ്റഡിന് അധികവരുമാനമായി ലഭിക്കുമെന്ന് കണക്കാക്കുന്നത്.

3. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2018ലെ താരിഫ് റെഗുലേഷനിലെ, റെഗുലേഷൻ 8(2)(f) പ്രകാരവും, റെഗുലേഷൻ 10(2) പ്രകാരവും കെ.എസ്.ഇ.ബി ലിമിറ്റഡ് 2019 നവംബർ 30ന് മുൻപായി ടി കമ്പനിയുടെ മിഡ്ടേം പെർഫോർമൻസ് റിവ്യൂ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി മിഡ്ടേം പെർഫോർമൻസ് റിവ്യൂവിൽ 2018-19 ലെ ട്രൂയിംഗ് അപ്പ് പെറ്റീഷനും കൂടാതെ 2019-20 വർഷത്തിൽ നവംബർ വരെയുള്ള യഥാർത്ഥ കണക്കുകളും കൂടാതെ 2020-21 വർഷത്തേക്കുള്ള പുതുക്കിയ പ്രതീക്ഷിക്കുന്ന കണക്കുകളും നൽകേണ്ടതുണ്ട്. കമ്മീഷൻ, കെ.എസ്.ഇ.ബിയുടെ മിഡ്ടേം പെർഫോർമൻസ് റിവ്യൂ വിശദമായി പരിശോധിച്ച് ആവശ്യമെന്ന് കണ്ടാൽ 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിലേക്ക് താരിഫ് പുനനിർണ്ണയിച്ച് നൽകുമെന്നാണ് 08.07.2019ലെ താരിഫ് ഉത്തരവിൽ നിഷ്ക്കർഷിച്ചിരുന്നത്. 2019 ഒക്ടോബർ 23നും, 2020 ഫെബ്രുവരി 18നും കത്തുകൾ മുഖേന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മിഡ്ടേം പെർഫോർമൻസ് റിവ്യൂ 2020 ഫെബ്രുവരി 28ന് മുൻപെങ്കിലും നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡിന് നിർദ്ദേശവും നൽകിയിരുന്നു. എന്നാൽ നാളിതുവരെ കെ.എസ്.ഇ.ബി ലിമിറ്റഡ് മിഡ്ടേം പെർഫോർമൻസ് റിവ്യൂവിനുള്ള പെറ്റീഷനുകൾ ഒന്നും തന്നെ കമ്മീഷനു മുൻപാകെ സമർപ്പിച്ചിട്ടില്ല.

4. നിലവിലുള്ള താരിഫ് നിരക്കുകളുടെ കാലാവധി 31.03.2020ന് അവസാനിക്കുകയാണ്. ടി സാഹചര്യത്തിൽ 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31

വരെയുള്ള കാലയളവിലേക്കുള്ള താരിഫ്, പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായം കൂടി തേടി, നിശ്ചയിക്കുന്നതിനാണ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്.

5. നിലവിൽ 2019 ജൂലൈ 8 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ ഏകദേശം 902 കോടിയുടെ അധികവരുമാനമാണ് 2019-20ൽ വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്നത്. ടി നിരക്കുകൾ 2020-21, 2021-22 വർഷങ്ങളിലും തുടരുകയാണെങ്കിൽ യഥാക്രമം 2020-21ൽ 941 കോടി രൂപയുടെയും 2021-22 വർഷത്തിൽ ഏകദേശം 980കോടി രൂപയുടെയും അധികവരുമാനം ലഭിക്കുമെന്നാണ് കരുതുന്നത്. അതായത് നിലവിലുള്ള താരിഫ് അതേപ്പടി 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31വരെ തുടരുകയാണെങ്കിൽ കമ്മീഷൻ 2020 -21, 2021-22 വർഷത്തിലേക്ക് അംഗീകരിച്ച റവന്യൂകമ്മി താഴെപ്പട്ടികയിൽ പറയുന്ന പ്രകാരം നികത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| വർഷം | കമ്മീഷൻ 2019ലെ ഉത്തരവിലൂടെ അംഗീകരിച്ച കമ്മി | നിലവിലുള്ള താരിഫ് തുടർന്നാൽ പ്രതീക്ഷിക്കുന്ന അധിക വരുമാനം |
|---|---|---|
| | രൂപ കോടി | രൂപ കോടി |
| 2020-21 | 944.75 | 941.5 |
| 2021-22 | 998.53 | 980.0 |

6. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക്, മേൽപടി, കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്ത് താരിഫ് നിശ്ചയിക്കുന്നത് സംബന്ധിച്ച് എല്ലാ പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായം കമ്മീഷൻ തേടുന്നു. ടി പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചായിരിക്കും 2020 ഏപ്രിൽ 1 മുതലുള്ള താരിഫ് നിരക്കുകൾ നിശ്ചയിക്കുന്നത്. അതിനാൽ പൊതുജനങ്ങളും എല്ലാ തൽപ്പരകക്ഷികളും, മേൽപ്പടി, കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം നിലവിലുള്ള താരിഫ് 2020 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ തുടരുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി

കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ 27.03.2020 നകം കിട്ടത്തക്കരീതിയിൽ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി